Page 1 of 2

ഇൻവിജിലേറ്റർമാരുടെ നിയമനം, ചോദ്യപേപ്പർ വിതരണം, ഉത്തരക്കടലാസ് മൂല്യനിർണ്ണയ ക്യാമ്പുകളിൽ തിരികെയെത്തിക്കൽ എന്നിവയിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് അനുവദിച്ച അധിക പരീക്ഷ കേന്ദ്രങ്ങൾ 2020 നവംബർ മാസം മുതൽ നിർത്തലാക്കിയിരുന്നു.

(സി) കോവിഡ് പശ്ചാത്തലത്തിൽ പരീക്ഷകൾ ഓൺലൈനായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

കോവിഡ് സാഹചര്യത്തിൽ, ചുരുങ്ങിയ സമയത്തിനുള്ളിൽ സുരക്ഷിതവും സുതാര്യവുമായ രീതിയിൽ ഓൺലൈൻ പരീക്ഷകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, സോഫ്റ്റ്വെയറുകൾ വികസിപ്പിക്കുന്നതിനും, ഐ.ടി. സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള കാലതാമസം, കോളേജുകളിലെ വിദ്യാർത്ഥികൾക്കെല്ലാം വീട്ടിലിരുന്ന് പരീക്ഷയെഴുതാനുള്ള സാഹചര്യമില്ലായ്മ, ഇങ്ങനെ നടത്തപ്പെടുന്ന പരീക്ഷയുടെ സുതാര്യത ഉറപ്പിക്കാൻ നിലവിൽ സംവിധാനമില്ലായ്മ തുടങ്ങിയവയാണ് യൂണിവേഴ്സിറ്റി പരീക്ഷകൾ ഓൺലൈനായി നടത്താൻ പ്രതിബന്ധമായത്. തുടർന്നുള്ള കാലങ്ങളിൽ ഓൺലൈൻ പരീക്ഷകൾ നടത്തേണ്ടുന്ന സാഹചര്യം ഉണ്ടാകുമെന്നതിനാൽ ഭാവിയിലെ പരീക്ഷകൾ എപ്രകാരമായിരിക്കണമെന്നും മറ്റും തീരുമാനിക്കുന്നതിനായി ഒരു വിദഗ്ധ കമ്മിറ്റിയെ രൂപീകരിക്കാനും തീരുമാനമായിട്ടുണ്ട്.

സാങ്കേതിക സർവ്വകലാശാലയിൽ ഓപ്ഷൻ മുഖേന നടന്ന നിയമനങ്ങൾ

148 (4536) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയിൽ ഓപ്ഷൻ മുഖേന മറ്റ് സർവ്വകലാശാലകളിൽനിന്ന് ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(ബി) പ്രസ്തുത രീതിയിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ പേരും തസ്തികയും സാങ്കേതിക സർവ്വകലാശാല സർവ്വീസിൽ പ്രവേശിച്ച തീയതിയും വ്യക്തമാക്കാമോ?

അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) ജീവനക്കാർക്ക് നൽകിയ നിയമന ഉത്തരവിലോ ആകട്ടിലോ പ്രസ്തുത നിയമനങ്ങൾ പുനഃപരിശോധനയ്ക്ക് വിധേയമാകുമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇല്ല. ആദ്യ സ്റ്റാറ്റ്യൂട്ട്, 2020 പ്രകാരം ഈ സ്റ്റാറ്റ്യൂട്ടുകൾ പ്രാബല്യത്തിൽ വരുന്നതിനുമുൻപ് നിയമിക്കപ്പെട്ട സർവ്വകലാശാലാ ജീവനക്കാരുടേയും അനദ്ധ്യാപകരുടെയും നിയമനം സ്റ്റാറ്റ്യൂട്ടുകളും സിൻഡിക്കേറ്റ് തയ്യാറാക്കുന്ന ഓർഡിനൻസുകൾ പ്രകാരവും ക്രമീകരിക്കുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ഡി) ഓപ്ഷൻ മുഖേന നിയമിക്കപ്പെട്ട ജീവനക്കാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രൊമോഷൻ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(ഇ) നിലവിൽ സാങ്കേതിക സർവ്വകലാശാലയിൽ ഏതൊക്കെ തസ്തികകളിൽ ഒഴിവുണ്ടെന്നും എത്ര ഒഴിവുണ്ടെന്നും വ്യക്തമാക്കാമോ?

അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

അദ്ധ്യാപക നിയമനങ്ങളിലെ വ്യാപകമായ ക്രമക്കേടുകൾ

149 (4537) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനങ്ങളിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായ പരാതികൾ പരിശോധിച്ചിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ക്രമക്കേട് സംബന്ധിച്ചുള്ള ആരോപണങ്ങൾ/പരാതികൾ ഉണ്ടാകുമ്പോൾ ഉചിതമായ തലത്തിൽ പരിശോധന നടത്തിവരുന്നു.

(ബി) അദ്ധ്യപക നിയമന ചട്ടങ്ങളിൽ വ്യക്തത വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സർവ്വകലാശാലകളിൽ യു.ജി.സി. റെഗുലേഷൻസ്, സർവ്വകലാശാല ആക്ട്, സ്റ്റാറ്റ്യൂട്ട് എന്നിവ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് അദ്ധ്യാപക നിയമന പ്രക്രിയ നടത്തുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.